# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 5370 25/10/2011 - ൽ മറുപടിക്ക്

## സ്കോളർഷിപ്പ് വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി : | ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായുള്ള 5,000 രൂപയുടെയും 10,000 രൂപയുടെയും സ്കോളർഷിപ്പിന്റെ ഈ വർഷത്തെ വിതരണ നടപടികൾ ഏതുവരെയായി എന്നു വ്യക്തമാക്കുമോ? | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിദ്യാർത്ഥികൾക്കായി ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് നേരിട്ട് നൽകുന്ന സ്കോളർഷിപ്പ് തുക 5000/- (അയ്യായിരം രൂപ മാത്രം) ആണ്. ഈ സ്കോളർഷിപ്പ് വിതരണത്തിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡിസംബർ 31-നകം സ്കോളർഷിപ്പ് വിതരണം നടത്തുന്നതാണ്. 10,000/- രൂപയുടെ സ്കോളർഷിപ്പ് കോളേജ് വിദ്യാഭ്യാസ വകുപ്പാണ് നൽകുന്നത്. ഇത് സെൻട്രലി സ്പോൺസേഡ് സ്കീമിൽ ഉൾപ്പെടുന്ന സെൻട്രൽ സെക്ടർ സ്കോളർഷിപ്പാണ്. 2010-11 വർഷം, പ്രസ്തുത സ്കോളർഷിപ്പ്, കേന്ദ്രഗവൺമെന്റ് അനുവദിച്ച 2009-10 ആദ്യ പുതുക്കലിന്റെ തുക ഒഴികെ, 2008-09 2-ാം പുതുക്കലിന്റെയും 2010-11 പുതിയതിന്റെയും തുക അർഹതപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും വിതരണം ചെയ്തിട്ടുണ്ട്. 2009-10 ലെ ആദ്യ പുതുക്കലിന്റെ വിതരണ നടപടികൾ ഉടൻ പൂർത്തിയാക്കുന്നതാണ്. 2011-12 വർഷത്തേയ്ക്കുള്ള സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന്റെ വിജ്ഞാപനം സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.